**റിപ്പോർട്ട് നമ്പർ: 1.3**

**73-ാമത് ഭരണസമിതി യോഗത്തിൻെറ (18.11.21) നടപടിക്രമം അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## നടപടി കുറിപ്പുകൾ, 73-ാമത് ഭരണസമിതി യോഗം

തീയ്യതി : **18** നവംബർ **2021**, സമയം : രാവിലെ **10.30** മണി
വേദി: ഗൂഗിൾ മീറ്റ് വഴി ഓൺലൈനായി
(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/13243/2021)

***ഹാജരായ അംഗങ്ങൾ:***

5. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ - അദ്ധ്യക്ഷൻ
6. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

***ഓൺലൈനായി പങ്കെടുത്തവർ:***

7. ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി - ധനകാര്യ വിഭാഗം പ്രതിനിധി
8. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി - നിയമ വിഭാഗം പ്രതിനിധി
9. ഡോ. അശോക് കുമാർ, അസി. ഡയറക്ടർ ജനറൽ - ഐ.സി.എ.ആർ. പ്രതിനിധി
10. അഡ്വ. ടി. സിദ്ദിക് - എം.എൽ.എ. (എം.എൽ.എ പ്രതിനിധി)
11. ഡോ. അരുൺ. ടി.ആർ. - വെറ്ററിനറി കൗൺസിൽ ഓഫ് ഇൻഡ്യ പ്രതിനിധി

***സാന്നിധ്യം:***

9. ശ്രീമതി. ശ്രീലത. എം, ഫിനാൻസ് ഓഫീസർ
10. ഡോ. എൻ. അശോക്, ഡയറക്ടർ (ഇൻ-ചാർജ്ജ്), അക്കാദമിക്സ് & റിസേർച്ച്)
11. ഡോ. എം.കെ. നാരായണൻ, ഡയറക്ടർ (ഇൻ-ചാർജ്ജ്), സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം
12. ശ്രീ. ബാബുരാജ്. കെ.പി. - ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം)
13. ഡോ. കോശി ജോൺ, ഡീൻ (ഇൻ-ചാർജ്ജ്), സി.വി.എ.എസ്., പൂക്കോട്.

***ഓൺലൈനായി പങ്കെടുത്തവർ:***

14. ഡോ. എസ്.എൻ. രാജ്കുമാർ, ഡീൻ (ഇൻ-ചാർജ്ജ്), സി.ഡി.എസ്.റ്റി., മണ്ണുത്തി.
15. ഡോ. ട്രീസമോൾ. പി.വി., അസോ. ഡീൻ, സി.വി.എ.എസ്., മണ്ണുത്തി

യോഗം 10.30 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

- കേരള കാർഷിക സർവ്വകലാശാലാ മുൻ വൈസ് ചാൻസലർ ആയിരുന്ന ഡോ. എ.എം. മൈക്കിളിന്റെ നിര്യാണത്തിൽ സഭ ഒരു മിനിറ്റ് മൗനം ആചരിച്ചു.

- സർവ്വകലാശാലയുടെ മൂന്നാമത് കോൺവൊക്കേഷൻ ഒക്ടോബർ മാസം 7-ാം തീയതി വളരെ ഭംഗിയായി പര്യവസാനിച്ചതിന്റെ സന്തോഷം പങ്കിടുകയും, ആയതിന്റെ

മുൻനിരയിലും പിൻനിരയിലും പ്രവർത്തിച്ച എല്ലാവരേയും യോഗം അഭിനന്ദിക്കുകയും ചെയ്തു.

- 2021 ഒക്ടോബർ മാസത്തിൽ ഐ.സി.എ.ആർ.-ന്റെ P.R.T. (Peer Review Team)-ഉം നവംബർ മാസത്തിൽ വി.സി.ഐ. ഇൻസ്പെക്ഷൻ ടീമും സർവ്വകലാശാലാ ആസ്ഥാനവും കോളേജുകളും സന്ദർശിക്കുകയും സർവ്വകലാശാലയുടെ നിലവാരത്തെ കുറിച്ച് വളരെ നല്ല അഭിപ്രായം രേഖപ്പെടുത്തി എന്നും ബഹു. വൈസ് ചാൻസലർ അറിയിച്ചു.

- ICAR – All India Entrance Examination for Admission (2020), എറ്റവും കൂടുതൽ റാങ്ക് വാങ്ങിയ സർവ്വകലാശാലകൾക്ക് വേണ്ടി ഐ.സി.എ.ആർ. എർപ്പെടുത്തിയ പി.ജി. സ്കോളർഷിപ്പ് അവാർഡ് (2-ാം സ്ഥാനം) 16/11/2021 തീയതിയിൽ ഐ.സി.എ.ആർ. റീജിയണൽ കമ്മറ്റി മീറ്റിംഗിൽ വച്ച് സർവ്വകലാശാല എറ്റു വാങ്ങിയതായി ബഹു. വൈസ് ചാൻസലർ യോഗത്തെ അറിയിച്ചു.

- ഈ വർഷത്തെ പി.ജി. എൻട്രൻസ് പരീക്ഷയിൽ ഉയർന്ന റാങ്കുകൾ സർവ്വകലാശാലയുടെ വിദ്യാർത്ഥികൾ കരസ്ഥമാക്കിക്കൊണ്ട് മികവാർന്ന പ്രകടനം കാഴ്ച വെച്ചിട്ടുണ്ടെന്ന സന്തോഷ വിവരം ബഹു. വൈസ് ചാൻസലർ യോഗത്തിൽ പങ്കു വെക്കുകയും, റാങ്ക് കരസ്ഥമാക്കിയ വിദ്യാർത്ഥികളെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

- 2019 വർഷത്തിലെ ബെസ്റ്റ് എമർജിംഗ് യംഗ് യൂണിവേഴ്സിറ്റി അവാർഡ്, 16-11-2021 തീയതിയിൽ രാജ്ഭവനിൽ വച്ച് നടന്ന ചടങ്ങിൽ ബഹു. ചാൻസലറിൽ നിന്ന് എറ്റു വാങ്ങിയ സന്തോഷം ബഹു. വൈസ് ചാൻസലർ അംഗങ്ങളുമായി പങ്കുവെച്ചു.

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.1 | 31/08/2021 - ന് നടന്ന 72-ാമത് ഭരണസമിതി യോഗത്തിന്റെ നടപടിക്രമം അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 1.2 | 31/08/2021 - ന് നടന്ന 72-ാമത് ഭരണസമിതി യോഗത്തിന്റെ നടത്തിപ്പ് റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 1.3 | GA/A1 - Dr. Babu Antony , Additional Law Secretary to Government – Continuation of Deputation as Law Officer-Government Order – reporting Reg. | Noted.<br>*Action: Registrar* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.4 | പൊതുഭരണം/സി2 - അഡ്വ. മനു ഗോവിന്ദ്, അഡ്വ. രവികൃഷ്ണൻ എന്നിവരെ 01.10.2021 തീയതിയിൽ മുതൽ ഒരു വർഷത്തേക്ക് സർവ്വകലാശാല അസോസിയേറ്റ് സ്റ്റാന്റിംഗ് കൗൺസിലർമാരായി നിയമിച്ചത് - അറിയിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.5 | GA/A1 - Smt. Sreelatha. M, Under Secretary (HG), Finance Department working as Finance Officer in Kerala Veterinary and Animal Sciences University on deputation– Extension of deputation –reporting -Reg. | Noted.<br><br>*Action: Registrar* |
| 2.1 | DAR – Approval of Results – Reg. | Approved and recommended to Management Council.<br><br>*Action: DAR* |
| 2.2 | DAR - Academic- Revision of Honorarium to Guest Lecturers – Reg. | It was decided that the Honorarium is fixed as Rs. 1,000/- per session (Theory & Practical) irrespective of the programme and qualification .<br><br>*Action: DAR* |
| 2.3 | DAR - Enhanced rates of KVASU Junior and Senior Research Fellowships of M tech/ M V Sc and PhD students- Remarks from the Government – Reg. | Approved.<br><br>*Action: DAR* |
| 2.4 | DAR - Sanction accorded to waive off the liquidation damage of Kum. Abhirami K S (20-DIP VPD-02) – Ratification – Reg. | Ratified.<br><br>*Action: DAR* |
| 3.1 | പൊതുഭരണം/ എ4 - സേവനത്തിലിരിക്കെ മരണമടഞ്ഞ സ്ഥിരം തൊഴിലാളിയായ കൃഷ്ണൻ കുട്ടി വി.യുടെ മകൻ ശ്രീ. അഭിനീഷ് കെ.സിയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.2 | പൊതുഭരണം/എ4 - സേവനത്തിലിരിക്കെ മരണമടഞ്ഞ സ്ഥിരം തൊഴിലാളി, കുഞ്ഞയമു.പിയുടെ ഭാര്യയായ ശ്രീമതി. ലൈല.ടിയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 3.3 | പൊതുഭരണം/എ4 - സേവനത്തിലിരിക്കെ മരണമടഞ്ഞ സ്ഥിരം തൊഴിലാളിയായ മുഹമ്മദലി പി.യുടെ മകൻ ശ്രീ. മുഹമ്മദ് നിഷാദ് പിയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 3.4 | പൊതുഭരണം/എ4 - ഓഫീസ് അറ്റൻഡന്റ് ഹയർ ഗ്രേഡ് ആയി സേവനത്തിലിരിക്കെ മരണമടഞ്ഞ ചാമി ടി.സി. യുടെ മകൻ ശ്രീ. വിഷ്ണുദാസ് ടി. യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 3.5 | പൊതുഭരണം/ സി2 - പ്രമോഷൻ /ഇന്റേഷണൽ സെലക്ഷൻ നിയമ പ്രകാരം തസ്തികമാറ്റം വഴി Tractor Driver Gr II, Bus Attendant Gr II, Pump Operator Gr II, LDV Driver GrII, Technician Gr II(Electrical, Mechanical, Automobile), DMO Gr II, Clerical Assistant, Class IV, Assistant തസ്തികകളിലേക്കുള്ള അപേക്ഷക ളിൽ ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടുകൾ നിഷ്ക്കർഷിക്കുന്ന യോഗ്യതയ്ക്കനുസരിച്ചിട്ടുള്ള നിയമന മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് - സംബന്ധിച്ച്. | ടി തസ്തികകളിലേക്കുള്ള ആഭ്യന്തര നിയമനത്തിന് അഭിമുഖം ഒഴിവാക്കിക്കൊണ്ട്, മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിച്ചു സമർപ്പിക്കുന്നതിനു തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 3.6 | പൊതുഭരണം/സി2 - യുണിവേഴ്സിറ്റി സ്റ്റുഡന്റ് ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി (യു.എസ്.ജി.ആർ.സി) രൂപവത്ക്കരിക്കുന്നതിന് അനുമതി തേടുന്നത്-സംബന്ധിച്ച്. | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.7 | പൊതുഭരണം/എ2 - സർവ്വകലാശാലയിലെ അനധ്യാപക തസ്തികകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.8 | GA/A5 - Granting of study leave to the faculty Members to undergo Ph.D during the Academic year 2021-2022 - Final seniority list of applicants – Published - Reg. | Approved.<br><br>*Action: Registrar/DAR* |
| 3.9 | പൊതുഭരണം/എ3 - കേരള കാർഷിക സർവ്വകലാശാലയിൽ സേവനത്തിലിരിക്കെ ഓപ്ഷൻ നൽകി വെറ്ററിനറി സർവ്വകലാശാലയിൽ സേവനത്തിൽ പ്രവേശിച്ചവരുടെ തസ്തിക/ ശമ്പള സംരക്ഷണം - ഓഡിറ്റ് തടസം പരിഹരിക്കുന്നതിനായി ഗവൺ മെന്റിലേക്ക് സമർപ്പിച്ച സ്റ്റാറ്റ്യൂട്ട് ഭേദഗതി നിർദ്ദേശങ്ങളുടെ അംഗീകാരം - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.10 | പൊതുഭരണം/സി1 - തുമ്പൂർമുഴി കോളേജ് ഓഫ് ഫുഡ് ടെക്നോളജി ഹോസ്റ്റൽ നിർമ്മാണം - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.11 | GA/A1 - Notification of direct recruitment to the post of DAR, DE, Dean (Veterinary) & Dean (Dairy Science)- Panel of academicians to the selection committee submitted for approval – Reg. | Approved.<br><br>*Action: Registrar* |
| 6.1 | ധനകാര്യ വിഭാഗം - 2018 - 19, 2019 - 20 സാമ്പത്തിക വർഷങ്ങളിലെ കണക്കുകളുടെ അംഗീകാരം - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>ഇതിനോടകം സർക്കാരിലേക്കയച്ച വാർഷിക കണക്കുകൾക്ക് മറുപടി ലഭ്യമായിട്ടുണ്ടോ എന്നത് പരിശോധിക്കണമെന്നും, ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനായി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ബഹു. അംഗവും ധനകാര്യ വിഭാഗം പ്രതിനിധിയുമായ ശ്രീ. എൻ. ഗോപകുമാർ അഭിപ്രായപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിനായി ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തി.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 6.2 | ധനകാര്യ വിഭാഗം - ടെക്നോളജി ഇൻഫർമേഷൻ & സെയിൽസ് സെന്റർ, മണ്ണൂത്തിയുടെ ബാങ്ക് അക്കൗണ്ട് മാറ്റുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.3 | ധനകാര്യ വിഭാഗം - സ്റ്റേറ്റ് പ്ലാൻ പദ്ധതി 2021-22 സ്ഥിരം തൊഴിലാളികളുടെ വേതനം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| **അജണ്ടക്ക് പുറമേയുള്ള കുറിപ്പുകൾ (ഒ.എ.):** | | |
| ഒ.എ. 1 | ഐ.ഡി.ഡബ്ല്യു - വാക്കിടോക്കി സംവിധാനം നിർത്തലാക്കി മൊബൈൽ ഫോൺ മുഖേന ആശയ വിനിമയം അനുവദിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ്)* |
| ഒ.എ. 2 | പൊതുഭരണം - സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ - ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്മേൽ നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| ഒ.എ. 3 | പൊതുഭരണം - തൊഴിലാളി വിഭാഗം - മണ്ണൂത്തി ഫാമുകളിൽ പുറം കരാർ വ്യവസ്ഥയിൽ ജോലി നൽകുന്നത് - സംബന്ധിച്ച്. | സർവ്വകലാശാലയുടെ വിവിധ ഫാമുകളിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ തലത്തിൽ ഒരു അനുകൂല തീരുമാനം ഉടൻ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും ആയതിനു ശേഷം ഈ വിഷയം പരിഗണിക്കാമെന്നും യോഗം തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| ഒ.എ. 4 | ധനകാര്യ വിഭാഗം - പെൻഷൻ - 11-ാം പെൻഷൻ പരിഷ്കരണം അനദ്ധ്യാപക വിഭാഗം - അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>യോഗ തീരുമാനം അറിയിക്കുന്നതിലേക്കും, അധിക ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്നു ആവശ്യപ്പെട്ടും, സർക്കാരിലേക്ക് കത്തയക്കാൻ തീരുമാനിച്ചു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |

**അജണ്ടാക്കുറിപ്പുകൾക്കു പുറത്തു നടന്ന ചർച്ചകളും തീരുമാനങ്ങളും:**

1. പൂക്കോട് വെറ്ററിനറി കോളേജിലെ വിദ്യാർത്ഥികൾക്ക് നോറോ വൈറസ് അണുബാധ സ്ഥിരീകരിച്ച വിവരം യോഗം ചർച്ച ചെയ്യുകയും, സർവ്വകലാശാല ചുവടെ പറയും പ്രകാരം ആവശ്യമായ നടപടികൾ സ്വീകരിച്ചതായി അദ്ധ്യക്ഷൻ അറിയിക്കുകയും ചെയ്തു.

   ആരോഗ്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം ആവശ്യമായ നടപടികൾ സർവ്വകലാശാല കൈക്കൊള്ളുകയും എല്ലാ കുടിവെള്ള സ്രോതസ്സും അണുനശീകരണത്തിനു വേണ്ട സൂപ്പർ ക്ലോറിനേഷൻ നടത്തുകയും ചെയ്തു എന്നും, നിലവിൽ കോളേജിലും സർവ്വകലാശാലയിലെ മറ്റു കുടിവെള്ള സ്രോതസ്സുകളിലും അണുബാധയുടെ ലക്ഷണങ്ങളൊന്നും തന്നെയില്ല എന്ന പരിശോധനാ ഫലം സർവ്വകലാശാലക്ക് ലഭ്യമായിട്ടുണ്ട് എന്നും അദ്ധ്യക്ഷൻ സഭയെ അറിയിച്ചു.

   ഈ കാര്യങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്താൻ ഡയറക്ടർ (എന്റർപ്രണർഷിപ്പ്)-നെ ചുമതലപ്പെടുത്തി.

   ***നടപടി:*** *ഡയറക്ടർ (സംരംഭകത്വ വിജ്ഞാപന വ്യാപന വിഭാഗം)*

2. അടുത്ത 6 മാസങ്ങളിലേക്കു നൽകാനായി വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് അലവൻസ് വകയിൽ ഐ.സി.എ.ആർ.-ൽ നിന്നും ലഭിച്ച തുക മുൻകൂറായി തന്നെ വിദ്യാത്ഥികൾക്കു നൽകാനാവുമോ എന്ന് ബഹു. അംഗവും വി.സി.ഐ. പ്രതിനിധിയുമായ ഡോ. അരുൺ. ടി.ആർ. ഉന്നയിച്ചു. വിദ്യാർത്ഥികളുടെ ഓരോ മാസത്തേയും അറ്റൻഡൻസ് ലഭിച്ചതിനു ശേഷം മാത്രമേ അലവൻസ് നൽകാവൂ എന്ന് ഐ.സി.എ.ആർ.-ന്റെ കർശന നിർദ്ദേശമുണ്ട് എന്നും, ചില വിദ്യാർത്ഥികളുടെ അറ്റൻഡൻസ് ലഭിക്കാത്തതു കാരണം കഴിഞ്ഞ രണ്ട് മാസത്തെ അലവൻസ് നൽകാൻ സാധിച്ചിട്ടില്ല എന്നും ഡി.എ.ആർ. അറിയിച്ചു. അറ്റൻഡൻസ് ലഭിക്കുന്ന മുറക്ക്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആയത് നൽകുന്നതാണെന്നും അറിയിച്ചു.
   ***നടപടി:*** *ഫിനാൻസ് ഓഫീസർ/* ഡി.എ.ആർ.

3. പ്ലാൻ ഫണ്ടിന്റെ രണ്ടാം ഗഡു ലഭ്യമാക്കുന്നതിനായി സർക്കാരിലേക്ക് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും അനന്തര നടപടികൾ വേഗത്തിലാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തണമെന്ന്, ബഹു. മെമ്പറും ധനകാര്യ വിഭാഗം പ്രതിനിധിയുമായ ശ്രീ. എൻ. ഗോപകുമാറിനോട് യോഗം അഭ്യർത്ഥിച്ചു. ആയത് എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാം എന്ന് ബഹു. മെമ്പർ ഉറപ്പ് നൽകുകയും ചെയ്തു.

   ***നടപടി:*** *ഫിനാൻസ് ഓഫീസർ/*ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 12.10 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(27-11-2021 തീയതിയിൽ അംഗീകരിച്ചു.)*

//True Copy//

**SECTION OFFICER - GA/B Section**